പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.114 | 28.10.2019-ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>,, കെ.എസ്.ശബരീനാഥൻ<br>,, എം.വിൻസെന്റ്<br>,, സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉപേക്ഷ വന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉപേക്ഷ ഉണ്ടായിട്ടില്ല. പുതുക്കിയ പദ്ധതി രേഖയ്ക്ക് അംഗീകാരം നൽകുന്നതിന് മുമ്പ് ആവശ്യമായ പരിശോധനകളാണ് നടന്നു വരുന്നത്. പുതുക്കിയ പദ്ധതി രേഖയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ച ശേഷം കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. |
| (ബി) 2017 ഡിസംബറിൽ ഡി.എം.ആർ.സി സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച പുതുക്കിയ പദ്ധതിരേഖ പരിശോധിച്ച ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചതെന്നും അതിലെ ശിപാർശകളെന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ; | (സി) പുതുക്കിയ പദ്ധതി രേഖയ്ക്ക് അംഗീകാരം നൽകുന്നതിന് മുമ്പ് ആവശ്യമായ പരിശോധനകൾ നടന്നു വരുന്നു. പുതുക്കിയ രൂപരേഖയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ച ശേഷം കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. |

**(ഡി)** ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്ന മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ?

**(ഡി)** ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന മേൽപ്പാലങ്ങളുടെ നിലവിലെ സ്ഥിതി താഴെ പറയുന്നു.

ശ്രീകാര്യം ജംഗ്ഷനിൽ മേൽപ്പാല നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സാമൂഹികാഘാത പഠനം പൂർത്തിയായി, സ്ഥലമെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. സ്ഥലമെടുപ്പിനുള്ള തുടർ നടപടികൾ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു.

ഉള്ളൂർ മേൽപ്പാലത്തിനുള്ള അന്തിമ രൂപരേഖ അംഗീകരിക്കുകയും തുടർന്ന് 2017 ഡിസംബറിൽ സ്ഥലമെടുപ്പിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു. സാമൂഹികാഘാത പഠനം പൂർത്തിയായി. തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.

പട്ടം മേൽപ്പാലത്തിനുള്ള പുതുക്കിയ രൂപരേഖ (പ്ലാമൂട് വരെ ദീർഘിപ്പിച്ചുകൊണ്ടുള്ള) അംഗീകരിക്കുകയും 2018 ആഗസ്റ്റിൽ സ്ഥലമെടുപ്പിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു. സാമൂഹികാഘാത പഠനം പൂർത്തിയായി. പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതിയുടെ പരിശോധന താമസിയാതെ ആരംഭിക്കും. പഠനം റിപ്പോർട്ടിന്റെയും വിദഗ്ധ സമിതിയുടെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മേൽപ്പാല പദ്ധതികൾക്കുള്ള കൺസൽറ്റന്റിനെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ഈ പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ശിപാർശകൾ**

1. നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതികൾ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ പൊതു ഗതാഗത സംവിധാനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന് ശേഷിയുള്ളതാണ്. പ്രസ്തുത നഗരങ്ങളിലുള്ള ജനങ്ങൾക്ക് സമയബന്ധിതവും, ചെലവു ചുരുങ്ങിയതും, പരിസ്ഥിതി സൗഹാർദ്ദപരവും, സുഖപ്രദവും, സുരക്ഷിതവുമായ യാത്രയ്ക്കുള്ള അവസരം ഇതുവഴി ലഭ്യമാകുന്നതാണ്. ചുരുങ്ങിയത് 50 വർഷത്തേക്കെങ്കിലുമുള്ള ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായ ഒരു ഗതാഗത സംവിധാനമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

2. ആദ്യവർഷങ്ങളിൽ യാത്രക്കാരുടെ എണ്ണം പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിനേക്കാൾ ഗണ്യമായി കുറവായിരിക്കും എന്നാണ് സമിതിയുടെ വിലയിരുത്തൽ. രാജ്യത്തെ സമാനമായ മറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ലൈറ്റ് മെട്രോകൾ പ്രവർത്തന സജ്ജമായ ശേഷം പ്രതീക്ഷിക്കാവുന്ന വിവിധ സാഹചര്യങ്ങൾ കമ്മിറ്റി കണക്കിലെടുത്തിട്ടുണ്ട്. ലൈറ്റ് മെട്രോ പ്രവർത്തനം ആരംഭിച്ച് ആദ്യ 7-8 വർഷ കാലയളവിലായി കോഴിക്കോട് 101 കോടിയും, തിരുവനന്തപുരത്ത് 143 കോടി രൂപയും സർക്കാരിന്റെ ഭാഗത്ത് നിന്ന് അധിക ധനസഹായമായി വേണ്ടി വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. രണ്ടു പദ്ധതികളും പൂർത്തിയായതിനു ശേഷം 8-9 വർഷം കൊണ്ട് നടത്തിപ്പിനാവശ്യമായ വരുമാനം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. പദ്ധതി പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായി 5 വർഷം കൊണ്ട് 2187 കോടി രൂപയാണ് (സ്ഥലമെടുപ്പ് ഉൾപ്പെടെ) ലഭ്യമാക്കേണ്ടത്.

4. പദ്ധതി വിഹിതത്തിന് പുറമേ ഏകദേശം 3783 കോടി രൂപ വായ്പയും അതിൻമേലുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. വായ്പ തിരിച്ചടക്കുന്നതിനായി ഏഴ് മുതൽ പത്ത് വർഷം വരെയുള്ള മോറട്ടോറിയം ഉൾപ്പെടെ 30 വർഷത്തെ കാലയളവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലൈറ്റ് മെട്രോ നടത്തിപ്പിൽ നിന്നുള്ള വരുമാനം വായ്പ തിരിച്ചടയ്ക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഇത് ഏതാണ്ട് പൂർണ്ണമായും സർക്കാർ വഹിക്കേണ്ടി വരും.

5. പുതുക്കിയ പദ്ധതിരേഖ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മെട്രോ നയപ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നതായാണ് കാണുന്നത്. എന്നാൽ പദ്ധതിയുടെ സാങ്കേതിക വശങ്ങളും, ഇനം തിരിച്ചുള്ള ചെലവു സംബന്ധിച്ചും കമ്മിറ്റി വിശദമായ പരിശോധന നടത്തിയിട്ടില്ല.

6. Value Capture Finance (VCF) – നായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ മെട്രോ പാതയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള നികുതിയും, ഭൂമിയുടെ രജിസ്ട്രേഷൻ നിരക്കും വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ ഉൾപ്പെടുന്നു. എന്നാൽ മേൽപ്പറഞ്ഞ ശുപാർശകൾ നടപ്പിലാക്കുന്നതിന് മുമ്പ് നിരക്ക് വർദ്ധനയുടെ തോത് നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് വിശദമായ പഠനം നടത്തേണ്ടത് ആവശ്യമാണ്.

7. മെട്രോ പാതയിൽ കെട്ടിട നിർമ്മാണത്തിനായുള്ള Floor Area Ratio (FAR) 4 ആയി വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ നിയമങ്ങളിലും (KMBR) , കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ നിയമങ്ങളിലും (KPBR), ഇതിനോടകം തന്നെ മിക്ക വിഭാഗം കെട്ടിടങ്ങളുടെയും FAR 4 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ